**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3192** **14-02-2024 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിൽ കടലിൽ കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശമണ്ഡലമായ കൈപ്പമംഗലത്തിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ തീരപ്രദേശം കേന്ദ്രീകരിച്ച് കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി തുടർ പഠനത്തിനും ഇതിന്റെ നടത്തിപ്പിനുമായി എന്തെങ്കിലും പരിപാടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) | പരിഗണനയിലുണ്ട് . കേന്ദ്ര, സംസ്ഥാന പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY 2022-23)-യിൽ ഉൾപ്പെടുത്തി ' 'Promotion of Sustainable Fisheries and Livelihoods of Kerala State through artificial reef Installation ' എന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മത്സ്യഗ്രാമങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട 42 സൈറ്റുകളിൽ കൃത്രിമപ്പാര് നിക്ഷേപം പൂർത്തീകരിച്ചു , പദ്ധതിയുടെ രണ്ടാംഘട്ടമായി കേരളത്തിലെ കൊല്ലം , ആലപ്പുഴ, എറണാകുളം , തൃശ്ശൂർ ജില്ലകളിൽ ആകെ 90 സൈറ്റുകളിൽ കൃത്രിമപ്പാര് നിക്ഷേപ പദ്ധതി നടപ്പാക്കുന്നതിനായി പ്രൈമറി ലെവൽ സെൻസിറ്റൈസേഷൻ പ്രോഗ്രാം അതാത് ജില്ലകളിൽ നടത്തിയിട്ടുണ്ട് . .എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു . തൃശ്ശൂർ ജില്ലയിലെ തീരദേശ മണ്ഡലമായ കയ്പമംഗലത്തിലെ പെരിഞ്ഞനം മത്സ്യഗ്രാമവും കൃത്രിമപാര് നിക്ഷേപിക്കുന്നതിനുള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ